

# ONE NATION ONE PEOPLE ONE FLAG

**ST JOHNSHSS PARAPPUR**

2020

LITTLE KITES

## ഉള്ളടക്കം

മുഖക്കുറിപ്പ്...............................................................................................................................3
അഭിമുഖം...................................................................................................................................4
സ്കൂൾ 2020 പ്രധാന പരിപാടികൾ...........................................................................................8
കവിത......................................................................................................................................10
ലേഖനം....................................................................................................................................11
കഥ...........................................................................................................................................18
കവിത......................................................................................................................................20
കവിത......................................................................................................................................22
കവിത......................................................................................................................................23
നന്ദി........................................................................................................................................24

# എഡിറ്റോറിയൽ സമിതി

**ജോൺ പി ജെ** ഹെഡ് മാസ്റ്റർ
**ജോളി എ വി** ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ
**ലിൻഡ ദേവസ്സി** ലിറ്റൽ കൈറ്റ്സ് മിസ്ട്രസ്
**സ്റ്റാർവിൻ ഇ ടി**
**മുഹമ്മദ് ഹാഷിർ**
**ലിയ എസ് ചിറ്റിലപ്പിള്ളി**
**ഭാഗ്യലക്ഷ്മി കെ ബാബു**
**ഹെമിൻ റോസ് കെ ജോൺ**



## മുഖക്കുറിപ്പ്

ലോകരാജ്യങ്ങൾ വിസ്മയത്തോടുകൂടി നോക്കുന്ന രാജ്യമാണ് ഭാരതം.
ഭാരതത്തിന്റെ വൈവിധ്യവും സംസ്കാരവും മാത്രമല്ല
അവരെ അത്ഭുതപ്പെടുത്തുന്നത്
ജനാധിപത്യ രീതിയിൽകൂടിയാണ് .

ഇന്ത്യൻ ഭരണഘടനയുടെ ദീര്ഘവീക്ഷണത്തെക്കുറിച്ചാണ്,
ഇത്രയേറെ ശ്രദ്ധിച്ച് തയ്യാറാക്കിയ അനുച്ഛേദങ്ങളെക്കുറിച്ചാണ് ,
ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങളെ കുറിച്ചാണ് ,
സമത്വ ഭാവനയെക്കുറിച്ചും ,ദേശീയത സങ്കൽപ്പങ്ങളേയും കുറിച്ചാണ് .

പുതിയ കാലത്ത് കുറച്ചൊക്കെ ആശങ്കയിലാണ് നാം .
ദേശീയതയും ,ദേശസ്നേഹവും ,കപട ദേശീയതയും
കൂടിക്കുഴഞ്ഞ അവസ്ഥയിലാണ് .

അപ്പോഴും,നാം വിശ്വസിക്കുന്നത്
നമ്മുടെ ഭരണഘടനയിലാണ്;
അതിന്റെ മാനുഷിക മുഖത്തിലാണ്.

**അഭിമുഖം**

കടലിൽപോയി മീൻ പിടിക്കാൻ ലൈസൻസ് ലഭിച്ച ഇന്ത്യയിലെ ആദ്യ വനിതയായ തൃശ്ശൂർ ഏങ്ങണ്ടിയൂർ സ്വദേശി രേഖചേച്ചിയുമായി നടത്തിയ സംഭാഷണം.

# അതിരുകളില്ലാത്ത ആകാശം
# അനന്തമായ കടൽ
# വല നിറയെ സ്വപ്നങ്ങളും



നമ്മുടെ നാട്ടിൽ ഒരു പാട് ജോലിയുണ്ടായിട്ടും രേഖചേച്ചി എങ്ങനെയാണ് ഇത്രമാത്രം വത്യസ്തമായ മാർഗം തേടിയത്?

എന്റെ ഭർത്താവിന് കടലിൽ പോകലാണ് പണി.ആളുടെ വരുമാനം കൊണ്ട് നാല് പെണ്മക്കളാടങ്ങിയ വീട് നടത്തിക്കൊണ്ടു പോകാൻ ബുദ്ധിമുട്ടായിരുന്നു .അതുകൊണ്ടാണ് ഞാനും കൂടി കടലിൽ പോകാൻ തീരുമാനിച്ചത് ." മൽസ്യബന്ധനത്തിനു ലൈസൻസ് കിട്ടിയ ഏക വനിതയെന്നൊക്കെ എന്നെ കുറിച്ച് പറയുമ്പോഴും ,സത്യമായിട്ടും എനിക്ക് നീന്തലറിയില്ല .ഇപ്പോഴും പഠിച്ചിട്ടില്ല .കടലിൽ പോകുന്ന എനിക്ക് നീന്തലറിയില്ല എന്നത് ഒരു തമാശതന്നെയാണ് .

*കടലിലിൽ ആദ്യമായി പോകുമ്പോൾ ചേച്ചിക്ക് പേടിയുണ്ടായിരുന്നോ?
ഞങ്ങളുടെ നിസ്സാരമായ ചോദ്യം കേട്ട് രേഖചേച്ചിയും ഭർത്താവ് കാർത്തികേയനും ചിരിച്ചു.
ചേച്ചി പറഞ്ഞു തുടങ്ങി ."ആദ്യ ദിവസങ്ങളൊക്കെ വളരെ കഷ്ടമായിരുന്നു .ബസ്സിൽ എന്റെ വീട്ടിൽ നിന്ന് എവിടെ വരെ വരുമ്പോഴേക്കും  മൂന്നുനാലു പ്രാവിശ്യം ചര്ധിക്കുന്ന ആളായിരുന്നു ഞാൻ .ജനിച്ചു വളർന്ന വീട്ടിന്റെ പരിസരത്തു ഒരു കുളം പോലുമില്ലായിരുന്നു . അങ്ങനെയുള്ള ഞാനാണെന്നോർക്കണം !ബോട്ടിന്റെ ഉലച്ചിൽ കാരണം ഞാൻ ഛർദിച്ചു ഛർദിച്ചു ബോട്ടിൽ അങ്ങനെയൊരിടത്തു കിടക്കും .തൊണ്ടവരണ്ടു ചോരപോലും തുപ്പിയിട്ടുണ്ട് .പിന്നെ അത് മാറി .

ഒന്ന് നിർത്തി ചേച്ചി ചിരിച്ചുകൊണ്ട് പറഞ്ഞു ,വരൻ വിചാരിച്ചാലും പറ്റില്ലാലോ .
ഉപ്പുകാറ്റ് ഞങ്ങളുടെ കണ്ണുകളിലും നനവുണ്ടാക്കി .

എത്ര കിലോമീറ്റർ കടലിലേക്ക് പോകാറുണ്ട്?
അങ്ങനെ കൃത്യം ദൂരം മനസ്സിൽ വച്ചിട്ടൊന്നുമല്ല പോകാറ് . ഒരു കണക്കൊക്കെ ഉണ്ടാവും, മനസ്സിൽ .ചിലപ്പോൾ അമ്പതു കിലോമീറ്റർ ,ചിലപ്പോൾ ഇരുപത്തഞ്ചു .



*  നിങ്ങൾ വലയിടുന്ന സ്ഥലത്ത് മറ്റുള്ളവരും വലയിടുമോ ?അവർ വീണ്ടും ഞങ്ങളുടെ ചോദ്യങ്ങൾ കേട്ടു ചിരിച്ചു . ഞങ്ങളുടെ വലയുടെ നീളം ആയിരം മാറാണ് .അത് കഴിഞ്ഞേ മറ്റുള്ളവർ വലയിടൂ .കടലിങ്ങനെ  പറന്നു കിടക്കല്ലേ .. മീനുകളുടെ പ്രത്യേകതയനുസരിച്ചു ചിലപ്പോ നീളത്തിലായിരിക്കും കുത്തിപെരുക്കുന്നുണ്ടാവുക ..അല്ലെങ്കിൽ വീതിയിൽ അപ്പോൾ അങ്ങനെ വലയിട്ടവർക്കുമാത്രമേ മീൻ കിട്ടുകയുള്ളൂ.
ചിലപ്പോൾ മറ്റുള്ളവരുടെ വലയുമായി  വല കൂട്ടികെട്ടാറുണ്ട് .അപ്പോൾ കാക്കരയ്ക്കു വന്നു  വലയുടെ കേടുപാടുകൾ തീർക്കണം. .പുതിയ വലതന്നെ വാങ്ങേണ്ടിവരും, ചെലപ്പോ.
ത്ര പേരുണ്ടാകും?

മൂന്നോ നാലോ ആളുണ്ടാകും .ഒരാൾ എൻജിൻ ഓടിക്കാനും ,ഒരാൾ  വലയിലെ കല്ല് എറിയാനും വളയെടുത്തുകൊടുക്കാനും... ചിലപ്പോൾ ഞങ്ങൾ രണ്ടുപേർ മാത്രം പോകും ..അപ്പൊ ആരൽ രണ്ടു ജോലിയും ചെയ്യണം .ഒരിക്കൽ വലയെറിയുന്നതിനിടയിൽ  വല എന്നെ വന്നു മൂടി .കാറ്റുള്ളപ്പോൾ അങ്ങനെ വരാറുണ്ട് .ഞാൻ വലയിൽ പൊതിഞ്ഞു കടലിലേക്ക് വീണു . കരയിലിരുന്നു ഒരു വലക്കണ്ണി പോലും പൊട്ടിക്കാൻ പറ്റാത്ത ഞാൻ എങ്ങനെയാണ് ആണ് പുറത്തു വന്നത്,എനിക്ക് തന്നെ അറിയില്ല . അപ്പൊ ഒരു ശക്തിയാണ് . മക്കളെയും വീടിനെയും ഓർക്കും ...."
രേഖചേച്ചിയുടെ വാക്കുകളിൽ ഏറ്റവും ശക്തമായ വാക്കുകൾ അതായിരുന്നു   "മക്കളെ ,സഹായിക്കാൻ ആളുകളുണ്ടാകുമ്പോഴാണ് തളർച്ച കൂടുന്നത് .." ശരിയാണ് ,അറ്റമില്ലാത്ത അനന്തമായ അതിരുകളില്ലാത്ത കടലിൽ ആര് വിളികേൾക്കാനാണ് .

**നിങ്ങൾ രണ്ടാളും കടലിൽ പോകുമ്പോൾ വീട്ടിൽ മക്കൾ തനിച്ചല്ലേ ?
അതെ ,മക്കൾ അതൊക്കെ അഡ്ജസ്റ്റ് ചെയാൻ പഠിച്ചു .മിക്കവാറും ഉച്ചതിരിഞ്ഞു മൂന്നു മണിയുടെയാണ് ഞങ്ങൾ കടലിൽ പോവുക . വരുമ്പോൾ രാത്രി ഒന്നര രണ്ടരയൊക്കെയാവും .വീട്ടിൽ തിരിച്ചെത്തണമെന്നാണ് എപ്പോഴും മനസ്സിൽ .കയയിലെത്തിയാൽ ഞാൻ ആദ്യം വീട്ടിലേക്കെത്തും ,മക്കളെ കണ്ടതിനു ശേഷം പോയി വലയൊക്കെ വൃത്തിയാക്കും .

## സ്കൂൾ 2020 പ്രധാന പരിപാടികൾ



വായനാസദസ്സ്



പരിസ്ഥിതി ദിനം











സെന്റ് ജോൺസ് എച്ച്.എസ്.എസ്
പറപ്പൂർ
ഗാന്ധിസ്മരണ
WE SERVE
ബാലജനസഖ്യം


സെന്റ് ജോൺസ് എച്ച്.എസ്.എസ്
പറപ്പൂർ
നല്ല










**കവിത**




# ഒരു കുടക്കീഴിൽ ...

മനുഷ്യൻ നല്ലവനാണ് ,
എങ്കിലും
ഒരു മോശം കാര്യം ചിന്തിച്ചു
ഒരു മേലങ്കി ധരിക്കുകക .
അതിൽ മതത്തെ തുന്നിച്ചേർക്കുക
എന്നാൽ എല്ലാമതങ്ങളും
ഒരേ ദൈവത്തിലേക്കുള്ള മാർഗ്ഗമല്ലേ ?
തമ്മിൽ യുദ്ധം ആരംഭിച്ചു .
പക്ഷെ ,ചുവന്ന രക്തം  പരത്തുമോ ?
ദൈവം ഒന്നേയുള്ളൂ
 മതങ്ങൾ മാർഗങ്ങളും
എല്ലാം സംഗ്രഹിച്ചാൽ പരസ്നേഹം തന്നെ എല്ലാം
ഹിന്ദുവും ക്രിസ്ത്യനും മുസൽമാനും  കൈകോർത്തു വാഴും കാലം വിദൂരമല്ലാതാകട്ടെ

**എയ്ഞ്ചൽ മേരി പി ബി IX**

**ലേഖനം**

**അഞ്ജന എം ബി IX B**





# <u>ഇന്ത്യൻ ഭരണഘടന</u>


ഇന്ത്യയിലെ പരമോന്നത നിയമമാണ് ഇന്ത്യയുടെ ഭരണഘടന .രാജ്യത്തെ അടിസ്ഥാന രാഷ്ട്രീയ തത്വങ്ങളുടെ നിർവചനം ; ഗവൺമെന്റ് സംവിധാനത്തിന്റെ ഘടന ,അധികാരങ്ങൾ,അവകാശങ്ങൾ കർത്തവ്യങ്ങൾ ,നിർദ്ദേശകതത്വങ്ങൾ, കടമകൾ മുതലായവ ഭരണഘടന മുന്നോട്ട് വയ്ക്കുന്നു.

പരമാധികാര രാഷ്ട്രീയങ്ങളിലെ ലിഖിത ഭരണഘടനകളിൽ വെച്ച് ഏറ്റവും വലുതാണ് ഇന്ത്യയുടെ ഭരണഘടന . അതിന് 395 അനുച്ഛേദങ്ങൾ ഉണ്ട് .ഇന്ത്യയെ ഒരു സ്വതന്ത്ര്യ ജനാതിപത്യരഷ്ട്രമായി പ്രഖ്യാപിക്കുന്നതാണ് നമ്മുടെ ഭരണഘടനാ. ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും ഇന്ത്യൻ ഭരണഘടനാ മൗലിക അവകാശങ്ങൾ ഉറപ്പുനല്കുന്നുണ്ട് .

എന്നാൽ മൗലിക അവകാശംഗ്ളോടൊപ്പം മൗലിക കർത്തവ്യങ്ങൾ കൂടി നിർവഹിക്കാൻ നാം ബാധ്യസ്ഥരാണ് . ഇന്ത്യ ഒരു മതേതര രാജ്യമായി പ്രക്യാപിക്കുന്ന നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനതത്ത്വം തന്നെയാണ് മതേതരത്ത്വം എന്ന് പറയുന്നത് .




ഇന്ത്യ എന്ന രാജ്യം ഒരു പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാതിപത്യ സോഷ്യലിസ്റ്റ് റിപ്പ്ബ്ലിക്കാണ്.വിവിധ രാജ്യങ്ങളുടെ ഭരണഘടനയിൽ നിന്നും വച്ച് മികച്ചവ തിരഞ്ഞെടുത്തതാണ് ഇന്ത്യൻ ഭരണഘടനക് രൂപം നല്കിയതു .ലോകത്ത് എഴുതിത്തയാറാക്കിയ ഏറ്റവും വലിയ ഭരണഘടനയുള്ള രാജ്യം ഇന്ത്യയാണ് .പലപ്പോഴായി ഭേദഗതികൾക്കു വിധേയമായതാണ് ഇന്നത്തെ ഭരണഘടന.



14 വയസുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിര്ബന്ധിതവുമായ വിദ്യാഭ്യാസം ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 21 എയിൽ പ്രതിപാദിക്കുന്നുണ്ട്. പഠനത്തിനാവശ്യമായ ചെലവ് വഹിക്കാൻ കുട്ടി ബാധ്യസ്ഥനല്ല വിദ്യാഭ്യാസം ഒരു മൗലിക അവകാശമാണ്. സർക്കാർ സ്കൂളുകൾഎന്ന് അന്നാരും അവജ്ഞതയോടെ പറയില്ല വിദ്യാഭ്യാസ രംഗത്ത് നിര്ബന്ധ വിപ്ലവം സൃഷ്ടിക്കുകയാണ് കേരളത്തിലെ പൊതു വിദ്യാലയങ്ങൾ . അവകാശങ്ങൾ ഒരു പൗരന് ഒരു കാരണവശാലും നിഷേധിക്കാൻ പാടില്ലാത്ത അവകാശങ്ങളാണ് മൗലിക അവകാശങ്ങൾ .എന്നാൽ ഒരു നാണയത്തിന്റ മറുവശങ്ങൾപോലെ അവകാശങ്ങളോടൊപ്പം തന്നെ കടമകൾക്കും സ്ഥാനമുണ്ട്.അവകാശങ്ങൾ തേടി പോകുന്ന മനുഷ്യന്റെ യാത്ര അവസാനിപ്പിക്കേണ്ടതിന്റെ സമയം അതിക്രമിച്ചു.അതിനാൽ അവകാശങ്ങളെയും കർത്തവ്യങ്ങളെയും ഒരുപോലെ കണ്ടു വെളിച്ചം വിതറുന്ന ഇന്ത്യക്കു ഒരു താങ്ങായി നിൽക്കാം.



കഥ

നിരഞ്ജന **VIII D**

# കഴിവിനെ തേടി ഒരു യാത്ര

കഴിവ് .എന്താണ് കഴിവ്?

ഈ പ്രപഞ്ചത്തിൽ തന്നെ എല്ലാ ജീവജാലങ്ങൾക്കും കഴിവ് ഉണ്ട് .കഴിവ് എന്നത് ഒരു മഹാ സംഭവമാണ്.

കഴിവിനെ തേടിയുള്ള ഒരു യാത്ര.സങ്കടങ്ങളും സന്തോഷങ്ങളും നന്മയും തിന്മയും നിറഞ്ഞ ഒരു യാത്ര.

ഈ യാത്ര ഇവിടെ നിന്ന് ആരംഭിക്കുകയാണ്.

എവിടെ ഇതിനുള്ള അവസാനം എന്നറിയില്ല.4-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കൊച്ചു ബാലികയുടെ കഥ .

അവളുടെ ആഗ്രഹം അവളുടെ കഴിവിനെ തേടി കണ്ടുപ്പിടിക്കണം എന്നാണ്.

അവളുടെ പ്രിയ സുഹൃത്തുക്കൾക്ക് എല്ലാം ധാരാളം കഴിവുകൾ ഉണ്ട് .

അവർ എല്ലാം കഴിവുകളിൽ സന്തുഷ്ടരാണ്.

ആരോടും പറയാതെ സങ്കടപ്പെട്ട് ഇരുന്നപ്പോൾ ടീച്ചർ ക്ലാസ്സിൽ വന്ന് എല്ലാവരുടെയും ആഗ്രഹം എന്താണ് എന്ന് ചോദിച്ചു.

അവസാനം എന്നോടും ചോദിച്ചു.ഞാൻ ടീച്ചറോട് കാര്യം പറഞ്ഞു.ടീച്ചർ പറഞ്ഞ്ു ഞാൻ സഹായിക്കാമെന്ന്.

ടീച്ചർ എന്നെ അടുത്ത് വിളിപ്പിച്ച് പാട്ടു പാടിപ്പിച്ചു,ചിത്രം വരപ്പിച്ചു.ഒന്നും ശരിയായില്ല.

സങ്കടം സഹിക്കാനായില്ല.

മാല പൊട്ടി മാലമുത്ത് താഴേക്ക് വീഴുന്നത് പോലെ കണ്ണിൽ നിന്ന് വെള്ളം ഒഴുകി.

ടീച്ചർ എന്നെ അടുത്ത് നിർത്തിക്കൊണ്ട് പറയും നിന്റെ ആഗ്രഹം വളരെ വ്യത്യാസമാണ്. നീ അത് നേടിയെടുക്കും .

അന്ന് രാത്രി എനിക്ക് ഒന്നും പഠിക്കാൻ കഴിഞ്ഞില്ല.

ജനാല തുറന്നിട്ട് വെറുതേ പുറത്തേക്കു നോക്കിയിരുന്നു.

കറുത്ത ആകാശം .

തണുത്ത കാറ്റ് വീശി.

കൈയിൽ പേന എടുത്തു. എന്തോ എഴുതി .രാവിലെ തന്നെ ഞാൻ അമ്മയ്ക്കും അച്ഛനും കാണിച്ചുകൊടുത്തു.

"നന്നായിട്ടുണ്ട്" .

ടീച്ചർ വായിച്ചു .

"നിന്റെ കഴിവ് എഴുത്താണ്. കഥയും കവിതയും നീ ധാരാളം എഴുതണം. "




**കവിത**

# മറക്കരുതാത്ത പാഠങ്ങൾ

അനയ പി V A

കണ്ടു പലവിധ സ്നേഹങ്ങൾ ഗ്രാമത്തിൽ
കണ്ടു പലവിധ കലഹങ്ങൾ ഗ്രാമത്തിൽ
വന്നു പ്രളയം നഗരത്തിൽ വീണ്ടും
ഒരു വര്ഷം കഴിഞ്ഞുടൻ പ്രളയവും കഴിഞ്ഞു്
വീണ്ടും തുടങ്ങി കലഹം

ഇതുകൊണ്ടാണ് കണ്ണീരിൽ അലഞ്ഞ മുഖവുമായി
അവൾ എഴുതി ഒരു കവിത

മറക്കുവാൻ വയ്യ ആ പ്രളയം
ഒന്നിച്ചു കഴിഞ്ഞ സന്ദർഭങ്ങൾ

ഒന്നിച്ചു കഴിച്ച പൊതിചോറുകൾ
ഇന്ന് വെറും കിണ്ണത്തിലെ ചോറുകൾ

മുഖം നോക്കാത്ത അയാൾപക്കങ്ങളായ
ഹിന്ദുവും ക്രിസ്ത്യനും മുസ്ലിംമും
അന്ന് ആ പ്രളയത്തിൽ ഒത്തുചേർന്നിരുന്ന്
ചിലപ്പോൾ ഇതൊക്കെ കാരണമായിരിക്കാം
ദൈവം പ്രളയത്തെ തടഞ്ഞത്.

പക്ഷേ പ്രളയം തടഞ്ഞപ്പോൾ കണ്ടത്
വേറെ ഒന്നായിരുന്നു.
മതത്തിന്റെ പേരിൽ ചോര കുടിക്കുന്ന
ചിലരുടെ രോദനങ്ങൾ.

വീണ്ടും വരുമീ പ്രളയം
എനിക്കായി നിനക്കായി മറ്റുള്ളവർക്കായി.

**കവിത**

# My life my parents




Samira Ramadan VIII A

My life my parents you are both.
Special in every way in every we're
encouraging more and more
each passing day.
Thank you.

My parents are the inspiration in my life
The greatest gift that I ever had in
mylife by Godis my parents

They are there in my every sorrows
tomotivate me.
Everysuccess of my life is because of my paents
My mother sacrificesmany things for me

your voice make me strong and teaching me what Right and wrong
I learned it all from my Dad.
I love you.
You held my hand when I was small.
You caught me when I felt the hero of my childhood.
Mum. I love you.
You both are the Reason why so strong ,Mom and dad

Tried to help me and
make everything in my life can do for you or Help and support. I
love you both mom and Daddy.



**കവിത**

# Death of Mine

Anumol P R IX E

When my eyes close
my finger get icy
I predict My death
I am going a journey with my death messenger.

When the absence of mine
would make silence.
In my dears life
I am still in their dreams.
But I am so far from those

my abhorrer's malice
melts like ice When my death news is heard
abhorrer's pray for me
still I can't hear the prayer

I am still sleeping.
I can't hear the voices
I can't Wake up from my death
I am changed into memories
to those who loves me.

# നന്ദി



ലൈറ്റിൽ  കൈറ്റ്സ് വിദ്യർത്ഥികൾ തയ്യാറാക്കിയ

"ONE NATION  ONE PEOPLE ONE  FLAG "
എന്ന മാഗസിന്റെ ഒരുക്കത്തില് പങ്കെടുത്ത

എല്ലാവർക്കും , ലേഖനങ്ങളും കഥകളും കവിതകളും
എഴുതിയ കൂട്ടുകാർക്കും

നന്ദിയുടെ നറുമലരുകൾ .